# Malayala Manorama

## 28 August 2018

## Perumbavoor, Flood, Rescue Operation, Folk Remedies

# നാടൻവിദ്യകളിലൂടെ രക്ഷാപ്രവർത്തനം

പെരുമ്പാവൂർ • നാട്ടിലെ യുവാക്കൾ പ്ലാസ്റ്റിക്കും തെർമോക്കോളും മറ്റുമുപയോഗിച്ചുണ്ടാക്കിയ ചങ്ങാടങ്ങളിൽ രക്ഷപ്പെടുത്തിയതു നൂറുകണക്കിനു പേരെ. ചേരാനല്ലൂർ, മങ്കുഴി, ആലാട്ടുചിറ തുടങ്ങിയ ഭാഗങ്ങളിൽ ഇങ്ങനെ രക്ഷാപ്രവർത്തനം നടത്തിയ യുവാക്കളെ ആദരിക്കുമെന്നു കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് അംഗം എം.പി. പ്രകാശ് പറഞ്ഞു.

വെള്ളപ്പൊക്കത്തിൽ വീടിനുള്ളിൽ ഒറ്റപ്പെട്ടുപോയ ആറുമാസം പ്രായമായ പിഞ്ചുകുഞ്ഞിനെയും മാതാവിനെയും രക്ഷപ്പെടുത്തിയതും സാഹസികമായായിരുന്നു. ആദ്യ ദിവസം ഇവിടെ പ്രശ്നമുണ്ടായിരുന്നില്ല. രണ്ടാം ദിവസം ഇവരുടെ വീടിനു ചുറ്റും വെള്ളം കയറി. ഇതോടെ ഇവർ രക്ഷാപ്രവർത്തകരുടെ സഹായം തേടി. ഡിടിപിസിയുടെ ബോട്ടും ഫൈബർ ബോട്ടും സ്വകാര്യ വ്യക്തിയുടെ ബോട്ടും ഉപയോഗിച്ചായിരുന്നു രക്ഷാപ്രവർത്തനം.